"ഭരണഭാഷ - മാതൃഭാഷ"
KSEB
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004, കേരള
വെബ് സൈറ്റ്: www.kseb.in CIN - U40100KL2011SGC027424
എല്ലാവർക്കും വൈദ്യുതി

ടെലിഫോൺ നമ്പർ : 0471 2514527, 2514256
ഫാക്സ്:0471 2514472
ഇമെയിൽ: pokseb@gmail.com

ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം-695004.

നം. പി.എസ് 8/ജനറൽ/ജി.പി.എ.ഐ.എസ്/2018

തീയതി :- 23.02.2019.

## പ രി പ ത്രം

വിഷയം:- ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2019 വർഷത്തേയ്ക്കുള്ള പ്രീമിയം തുക കുറവ് ചെയ്യുന്നതിനും ഒടുക്കുന്നതിനുമുള്ള സമയപരിധി ദീർഘിപ്പിച്ച്- പരിപത്രം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. 12.11.2018 തീയതിയിലെ സർക്കാർ ഉത്തരവ്(അച്ചടി)നം.175/2018/ ധന.
2. 22.11.2018 തീയതിയിലെ ഓഫീസ് ഉത്തരവ് (CMD)No.843/2018 (PS8/GL/GPAIS/2012/2018.
3. 18.01.2019 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നം.3/2019/ധന.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 01.01.2019 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പുതുക്കി സൂചന (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ബാധകമാക്കിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2019 വർഷത്തേയ്ക്ക് പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ ലഭിച്ചതിന്റെയും 31. 03. 2019 വരെ സമയ പരിധി ദീർഘിപ്പിക്കുന്നതിനുള്ള ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 2018 ഡിസംബർ 31 ന ശേഷം പ്രീമിയം ഒടുക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, പ്രീമിയം കിഴിവുനടത്തുന്ന തീയതി മുതൽ മാത്രമായിരിക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി, 2018 നവംബർ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പ്രീമിയം തുക ഒടുക്കുവാൻ കഴിയാതിരുന്ന, 31.12.2018 നകം സർവ്വീസിൽ പ്രവേശിച്ച അർഹരായ ജീവനക്കാർക്ക്, 2019 ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിനോടൊപ്പം 31.03.2019 വരെ പ്രീമിയം തുക "8658-102-88-സസ്പെൻസ് അക്കൗണ്ട്- ജി.പി.എ.ഐ ഫണ്ട്" എന്ന ശീർഷകത്തിൽ ഒടുക്കി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ കഴിയുന്ന തരത്തിൽ സമയപരിധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2019 ജനുവരി മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാരെ 2019 – ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.

മേൽ സർക്കാർ ഉത്തരവ് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും ബാധകമാക്കിക്കൊണ്ട് ഇതിനാൽ പരിപത്രം പുറപ്പെടുവിക്കുന്നു. 31.03.2019 തീയതിയ്ക്ക് ശേഷം പ്രീമിയം തുക ഒടുക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതല്ല. സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മറ്റെല്ലാ വ്യവസ്ഥകളും ബാധകമാണ്.

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ് - ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവഹണം)
എല്ലാ ചീഫ് എഞ്ചിനീയർമാർക്ക്
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്
എല്ലാ റീജിയണൽ ആഡിറ്റ് ഓഫീസർമാർക്ക്
ഫിനാൻഷ്യൽ അഡ്വൈസർ/ ചീഫ് ഇന്റേണൽ ആഡിറ്റർ

Scanned by CamScanner

ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ/ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)
ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്
ഡയറക്ടർ (വിതരണം,സുരക്ഷ & ജനറേഷൻ -ഇലക്ട്രിക്കൽ)
ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)/ഡയറക്ടർ (ജനറേഷൻ -സിവിൾ & എച്ച്.ആർ.എം)
ഡയറക്ടർ (എസ്.സി.എം & കോർപ്പറേറ്റ് പ്ലാനിംഗ്) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ
ഫിനാൻസ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ്/
സെക്രട്ടറി (ഭരണം)യുടെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
ഫെയർകോപ്പി സൂപ്രണ്ട്/ലൈബ്രറി/റിക്കോർഡ്സ്/കരുതൽ ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

Scanned by CamScanner